# പതിനാലാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.63** — **23.01.2018-ന് മറുപടിക്ക്**

## പി. എസ്. സി. പരീക്ഷകളുടെ ചോദ്യപേപ്പറുകൾ

**ചോദ്യം**

ശ്രീ. ഷാഫി പറമ്പിൽ

**ഉത്തരം**

പിണറായി വിജയൻ
മുഖ്യമന്ത്രി

| | | | |
|---|---|---|---|
| (എ) | പി. എസ്. സി. നടത്തുന്ന പല പരീക്ഷകളുടെയും ചോദ്യപേപ്പറുകൾ ഏതെങ്കിലും ഗൈഡുകളിൽ നിന്നും പകർത്തിയെടുക്കുന്നതാണെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ)യും (ബി)യും | പരീക്ഷാ നടത്തിപ്പ്, റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരണം എന്നിവ പി.എസ്.സിയുടെ മാത്രം അധികാര പരിധിയിൽ വരുന്നകാര്യങ്ങളാണ്. ചില ചോദ്യങ്ങൾ നിശ്ചിത ഗൈഡിൽ നിന്നും പകർത്തിയതാണെന്നത് സംബന്ധിച്ച് ലഭിച്ച പരാതി പി.എസ്.സി. പരിശോധിച്ചു വരികയാണ്. |
| (ബി) | ഡിസംബർ 19-ന് ഹാർബർ എഞ്ചിനിയറിംഗ് വകുപ്പിലെ അസിസ്റ്റന്റ് എഞ്ചിനിയർ തസ്തികയിലേക്ക് നടത്തിയ എഴുത്ത് പരീക്ഷയുടെ ചോദ്യങ്ങളിൽ 55 എണ്ണം ഡൽഹിയിലെ ഒരു കോച്ചിംഗ് സ്ഥാപനത്തിന്റെ ഗൈഡിൽ നിന്നും പകർത്തിയതാണെന്ന പരാതി ലഭിച്ചിട്ടുണ്ടോ; ഇതിന്മേൽ സ്വീകരിച്ച നടപടി എന്താണെന്ന വ്യക്തമാക്കുമോ; | | |
| (സി) | പി. എസ്. സി. നടത്തുന്ന പരീക്ഷകളുടെ ചോദ്യപേപ്പർ തയ്യാറാക്കുന്നതിന് നിയോഗിക്കപ്പെടുന്നവരെ എപ്രകാരമാണ് | (സി) | രഹസ്യാത്മക സ്വഭാവം ഉള്ളതിനാൽ വിവരം വെളിപ്പെടുത്തുവാൻ നിർവ്വാഹമില്ല. |

| | | | |
|---|---|---|---|
| | തെരഞ്ഞെടുക്കുന്നത്; | | |
| (ഡി) | ചോദ്യപേപ്പർ തയ്യാറാക്കുമ്പോൾ ഗൈഡിൽ നിന്നും പകർത്തി ചോദ്യപേപ്പർ തയ്യാറാക്കുന്നവരെ പ്രസ്തുത ജോലിയിൽ നിന്നും സ്ഥിരമായി ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (ഡി) | ചില ചോദ്യങ്ങൾ നിശ്ചിത ഗൈഡിൽ നിന്നും പകർത്തിയതാണെന്ന പരാതി ലഭിച്ചിട്ടുണ്ടെന്നും ആയതിന്റെ അടിസ്ഥാനത്തിൽ ഈ വിഷയം പി.എസ്.സി. പരിശോധിച്ചുവരികയാണ്. |
| (ഇ) | 2015-ന് ശേഷം ഇത്തരം ആരോപണങ്ങൾ തെളിഞ്ഞതിനെ തുടർന്ന് എത്ര പേരെ ചോദ്യപേപ്പർ തയ്യാറാക്കുന്നതിൽ നിന്നും ഒഴിവാക്കിയെന്ന് അറിയിക്കുമോ? | (ഇ) | 2015 ന് ശേഷം ഗൈഡിൽ നിന്നും ചോദ്യങ്ങൾ പകർത്തി തയ്യാറാക്കി എന്ന ആരോപണത്തിന്മേൽ ആരെയും പാനലിൽ നിന്നും പുറത്താക്കിയിട്ടില്ല. |

**സെക്ഷൻ ഓഫീസർ**